**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3798** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പാർക്കുകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2016-ന് ശേഷം സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ എത്ര സ്ക്വയർഫീറ്റ് ഏര്യ പ്രവർത്തനക്ഷമമാക്കി; ഇത് വഴി എത്ര തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കാൻ സാധിച്ചു എന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ടെക്നോപാർക്ക് ടെക്നോപാർക്കിൽ 2016-ൽ ഉണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ 85.1 ലക്ഷം ചതുരശ്ര അടിയിൽ നിന്നും 102.7 ലക്ഷം ച.അടിയായി വർദ്ധിപ്പിച്ചു. ഇതിലൂടെ പുതിയതായി ഏകദേശം 11140 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. ഇൻഫോപാർക്ക് ഇൻഫോപാർക്കിന്റെ ഐ.ടി സ്പേസ് വിസ്തൃതി 6 ദശലക്ഷം ചതുരശ്ര അടിയിൽ നിന്ന് 9.2 ദശലക്ഷം ചതുരശ്ര അടിയിലേക്ക് വളർന്നു. ഇതുവഴി ഏകദേശം 19400 തൊഴിലവസരങ്ങൾ അധികമായി സൃഷ്ട്ടിക്കപ്പെടുകയും ചെയ്തു. സൈബർ പാർക്ക് സൈബർ പാർക്കിൽ ഐ.ടി സ്പേസ് വിസ്തൃതി 12000 ച.അടിയിൽ നിന്ന് 3 ലക്ഷം ച.അടിയിലേയ്ക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം 550 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കപ്പെട്ടു. |
| (ബി) | തിരുവനന്തപുരം ടെക്നോസിറ്റിയിൽ നിലവിൽ എത്ര കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; എന്തൊക്കെ വികസനപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു എന്നും ഏതെല്ലാം കമ്പനികളുടെ നിക്ഷേപങ്ങൾ സംബന്ധിച്ച് ധാരണയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | തിരുവനന്തപുരം ടെക്നോസിറ്റിയിൽ നിലവിൽ പ്രധാനമായും 5 പദ്ധതികളുടെ പ്രവർത്തനങ്ങളും നടപടി ക്രമങ്ങളുമാണ് പുരോഗമിക്കുന്നത്. 1. ടി.സി.എസിന്റെ എയറോസ്പെയിസ് ഹബ്ബ് ടെക്നോസിറ്റിയിലെ 97 ഏക്കറിൽ ടി.സി.എസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എയറോസ്പെയിസ് ഹബ്ബിനായുള്ള ധാരണാ പത്രത്തിന് 18.02.2021 ൽ ഒപ്പുവെച്ചു. 2. ബ്രിഗേഡ് –വേൾഡ് ട്രെയ്ഡ് സെന്റർ 12.83 ഏക്കറിൽ നടപ്പിലാക്കുന്ന ബ്രിഗേഡ് വേൾഡ് ട്രെയ്ഡ് പദ്ധതിക്കായുള്ള ധാരണാപത്രം 27.02.2019 ൽ ടെക്നോപാർക്കും ബ്രിഗേഡുമായി ഒപ്പ് വെച്ചു. 3. ടെക്നോപാർക്ക് ഐ.ടി/ഐ.ടി.ഇ.എസ് ബിൽഡിംഗ് (കബനി) 105 കോടി കിഫ്ബി ഫണ്ടോടു കൂടി 2 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ (NON SEZ) നിർമ്മാണം പൂർത്തിയാക്കിയ ഗവൺമെന്റ് ഐ.ടി കെട്ടിടമായ കബനിയിൽ നിലവിൽ 14 കമ്പനികളിൽ നിന്നും ഫർണിഷ് |

| | | | |
|---|---|---|---|
| | | | ചെയ്യാത്ത സ്ഥലത്തിനും 13 കമ്പനികളിൽ നിന്നും ഫർണിഷ്ഡ് സ്പെയിസിനുമുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 4. സൺടെക് ബിസിനസ് സൊല്യൂഷൻസ് 10 ഏക്കർ SEZ മേഖലയിൽ 150 കോടി മുതൽമുടക്കിൽ 3.1 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ 2020 മാർച്ചിൽ നിർമ്മാണം പൂർത്തിയാക്കിയ ആദ്യ ഐ.ടി/ഐ.ടി.ഇ.എസ് കെട്ടിട സമുച്ചയത്തിൽ നിന്നും കമ്പനി പ്രവർത്തിച്ചു തുടങ്ങി. കൂടാതെ 30000 ച.അടിയിൽ ഒരു ക്ലബ്ബ് ഹൗസ് കൂടി ക്യാമ്പസിൽ നിർമ്മിക്കാൻ സൺടെക്കിന് പദ്ധതി ഉണ്ട്. 5. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള. 10.33 ഏക്കറിൽ, 1.9 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ 2021 ഫെബ്രുവരിയിൽ നിർമ്മാണം പൂർത്തിയാക്കി ക്യാമ്പസ് പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ